പട്ടികജാതിക്കാർക്ക് ട്രാൻസ്പോർട്ട് വകുപ്പിൽ അപ്രൻറീസ് നിയമനം

1066. [1574] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.റ്റി.ഐ. പാസ്സായി നിൽക്കുന്ന തൊഴിൽ രഹിതരായ പട്ടികജാതിക്കാർക്ക് ഒരു ആശ്വാസമെന്ന നിലയിൽ കൂടുതൽപേരെ ട്രാൻസ്പോർട്ട് വകുപ്പിൽ അപ്രൻറീസ് ആയിട്ട് നിയമിക്കുവാൻ നിർദ്ദേശം നൽകാമോ ;

(ബി) ഇപ്പോൾ ട്രാൻസ്പോർട്ടിൽ അപ്രൻറീസായിട്ട് മൊത്തം എത്രപേർ ജോലിനോക്കുന്നുണ്ട് ;

(സി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ എത്രപേരാണുള്ളത് ?

ഉത്തരം

(എ) കൂടുതൽപേരെ അപ്രൻറീസ് ആയി നിയമിക്കുവാൻ ബുദ്ധിമുട്ടാണ്.

(ബി) ഐ.റ്റി.ഐ. പാസ്സായ 350 പേർ.

(സി) ആർ.ഐ. സെൻറുകളിൽ നിന്നും നൽകുന്ന ലിസ്റ്റിൽ ജാതി രേഖപ്പെടുത്താറില്ല. അതിനാൽ വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

ട്രിവാൻട്രം റബ്ബർ വർക്സിൻെറ കടബാദ്ധ്യത

1067. [1575] ശ്രീ. സിറിയക് ജോൺ :

,, വി. സി. കബീർ :

,, ആർ. എസ്. ഉണ്ണി :

,, എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രിവാൻട്രം റബ്ബർ വർക്സിൻെറ ഇപ്പോഴത്തെ കടബാദ്ധ്യതകൾ എത്രയാണ് ; ആസ്തി എത്രയാണ് ;

(ബി) ഇവിടെ ആകെ എത്രതൊഴിലാളികൾ ജോലി നോക്കുന്നു ;

(സി) ഇതിൻെറ മാനേജ്മെൻറ് എന്നാണ് കെ. എസ്. ആർ. ടി. സി. ഏറെടുത്തത് ;

(ഡി) റബ്ബർ വർക്സിനെ കെ. എസ്. ആർ. ടി. സി.-യുമായി ലയിപ്പിക്കാൻ ആലോചനയുണ്ടോ ;

(ഇ) റബ്ബർ വർക്സിൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) 31-3-1986-ലെ കടബാദ്ധ്യത 948.78 ലക്ഷം രൂപ. ആസ്തി : 290.61 ലക്ഷം രൂപ.

(ബി) 30-9-1986-ലെ കണക്കനുസരിച്ച് ആകെ 440 ജീവനക്കാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 24-7-1984-ൽ

(ഡി) ഇല്ല.

(ഇ) തിരുവനന്തപുരം റബ്ബർ വർക്സിൽ താഴെ പറയുന്ന ജോലികൾ നടന്നുവരുന്നു.

1. ബസ്സ് ബോഡി നിർമ്മാണം
2. ടയർ റീട്രേഡിംഗിന് ആവശ്യമുള്ള ട്രെഡ് റബ്ബർ, മറ്റു റീട്രേഡിംഗ് സാധനങ്ങൾ എന്നിവയുടെ ഉല്പാദനം.
3. ടിക്കറ്റ് റാക്ക്, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവയുടെ നിർമ്മാണം.
4. ബസ്സുകൾക്ക് ആവശ്യമായ സീറ്റ് കുഷ്യനുകളുടെയും സൈഡ് കർട്ടനുകളുടെയും ഉല്പാദനം.
5. ബസ്സുകൾക്കാവശ്യമായ ഇലക്ട്രോ പ്ലേറ്റിംഗ് ജോലികൾ.

ഗ്രാമീണ തൊഴിൽ ഭദ്രതാ പരിപാടി

1068. [1576] ശ്രീമതി കെ. ആർ. ഗൗരി :
[ശ്രീ. ടി. കെ. അബ്ദു :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, ടി. കെ. ആറുമുഖൻ :
,, ടി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ തൊഴിൽ ഭദ്രതാ പരിപാടി അനുസരിച്ച് 1986-87-ൽ എത്ര വീടുകളും എത്ര ഗ്രാമീണ ലിങ്ക് റോഡുകളും നിർമ്മിക്കാനാണുദ്ദേശിക്കുന്നത് ;

(ബി) 1983-84, 1984-85, 1985-86 എന്നീ ഓരോ വർഷവും എത്ര വീടുകളും എത്ര ഗ്രാമീണ ലിങ്ക് റോഡുകളും നിർമ്മിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ ഓരോ ഇനത്തിലും എന്തു തുക വീതം ചെലവഴിച്ചു ?

ഉത്തരം

(എ) ഗ്രാമീണ തൊഴിൽ ഭദ്രതാ പരിപാടി അനുസരിച്ച് 1986-87-ൽ 10,773 വീടുകളും 323 ഗ്രാമീണ ലിങ്ക് റോഡുകളും നിർമ്മിക്കാനാണുദ്ദേശിക്കുന്നത്.

(ബി) 1984-85-ലാണ് ആർ.എൽ.ഇ.ജി.പി. പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. 1984-85-ൽ 2,045 വീടുകളും 182 റോഡുകളും നിർമ്മിച്ചു. 1985-86-ൽ 4,802 വീടുകളും 129 റോഡുകളും നിർമ്മിച്ചു.

(സി) വിവരം താഴെ കൊടുക്കുന്നു.

വർഷം	വീടുകൾ	റോഡുകൾ
1984-85	559.03 ലക്ഷം രൂപ	805.27 ലക്ഷം രൂപ
1985-86	990.52 ലക്ഷം രൂപ	1196.06 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly